കേരള സർക്കാർ

നം-ഇപിഎ 4/294/2019-തസ്വഭവ.

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്,
തിരുവനന്തപുരം, തീയതി: 12/08/2019

## സർക്കുലർ

**വിഷയം:** തസ്വഭവ - പ്രളയക്കെടുതി - അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന പ്രളയക്കെടുതിയെത്തുടർന്നുള്ള ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിലും, വീടുകളിലും, പൊതുയിടങ്ങളിലും, വ്യാപാരസ്ഥാപനങ്ങളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിന് ചുവടെ ചേർക്കുന്ന അടിയന്തിര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

1. വെള്ളപ്പൊക്കത്തിൽ വീട് വിട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കേണ്ടി വന്നവരുടെ എല്ലാ വീടുകളും, തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, വെള്ളപ്പൊക്കത്തിൽ വെള്ളം കയറി മണ്ണും ചെളിയും അടിഞ്ഞു കൂടിയ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയവയും മണ്ണും ചെളിയും മാലിന്യങ്ങളും മാറ്റി ശുചിയാക്കി വാസയോഗ്യമാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി വെള്ളമിറങ്ങിയ സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, കുടുംബശ്രീ, ഹരിതകർമ്മസേന തുടങ്ങിയവരുടെ പിന്തുണയോടെ ശുചീകരണ പ്രവൃത്തികൾ അടിയന്തിരമായി ഏറ്റെടുത്ത് ചെയ്യേണ്ടതാണ്.

2. ദുരിതാശ്വാസ ക്യാമ്പുകളിൽ മതിയായ എണ്ണം ശുചിമുറികൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ബയോ ടോയ്ലറ്റുകൾ, താത്കാലിക ശുചിമുറികൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ശുചിത്വമിഷൻ സ്വീകരിക്കേണ്ടതാണ്. കൂടാതെ സ്ത്രീകളായ അന്തേവാസികൾക്ക് സുരക്ഷിതമായ കുളിമുറികൾ ആവശ്യാനുസരണം പ്രത്യേകം സജ്ജീകരിക്കേണ്ടതുമാണ്.

3. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വ സംവിധാനങ്ങൾ ഉറപ്പ് വരുത്തി അടിയന്തിരമായി പരിഹരിക്കേണ്ട വിഷയങ്ങൾ ക്യാമ്പ് പ്രവർത്തിക്കുന്ന സ്ഥലത്തെ തദ്ദേശസ്ഥാപനത്തിന്റെയും ജില്ലാഭരണകൂടത്തിന്റെയും ശ്രദ്ധയിൽ കൊണ്ടു വരിക.

4. ജില്ലാഭരണകൂടവുമായി ബന്ധപ്പെട്ട് ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾ ശുചിത്വമിഷൻ ഏകോപിപ്പിക്കേണ്ടതാണ്.

5. ക്യാമ്പുകളിൽ ആഹാരാവിഷ്ടങ്ങൾ സംസ്കരിക്കുന്നതിലേയ്ക്ക് വെള്ളക്കെട്ടില്ലാത്തതും മഴനനയാത്തതുമായ ഇടങ്ങളിൽ വളക്കുഴികൾ സ്ഥാപിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക. ക്യാമ്പുകളിലെ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് അതത് പ്രദേശങ്ങളിലെ എം.സി.എഫ്/ആർ.ആർ.എഫ് കളിൽ സുരക്ഷിതമായി സൂക്ഷിക്കുക.

6. പൂർണ്ണമായും വീടുകൾ തകർന്ന ആളുകളെ ഓഡിറ്റോറിയം മുതലായ സ്ഥലങ്ങളിൽ ഒരുമിച്ച് താമസിപ്പിച്ച് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

7. ക്യാമ്പുകളിൽ താമസിക്കുന്ന ആളുകൾക്ക് പരാതിക്ക് ഇടനൽകാത്ത രീതിയിൽ ഭക്ഷണം വിതരണം ചെയ്യുന്നതിന് കുടുംബശ്രീ പ്രവർത്തകർ ശ്രദ്ധിക്കേണ്ടതാണ്.

8. വെള്ളപ്പൊക്ക പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ തടയുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് വേണ്ട എല്ലാ മുൻകരുതലുകളും എടുക്കുന്നതിന് നടപടി സ്വീകരിക്കുക.

9. ശുചീകരണത്തിനായി വാർഡ് തലത്തിൽ വോളണ്ടിയേഴ്സ് ടീം രൂപീകരിക്കേണ്ടതും ശുചീകരണ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ വാടകയ്ക്കെടുക്കുകയോ, അതീവ അടിയന്തിര സാഹചര്യത്തിൽ മാത്രം വാങ്ങുകയോ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. ശുചീകരണ പ്രവർത്തനങ്ങൾക്കായി ലഭ്യമായ ശുചീകരണ സാമഗ്രികൾ മതിയാകാതെ വരുന്ന സന്ദർഭങ്ങളിൽ ആയത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമേ നിന്നും വാങ്ങാവുന്നതാണ്. ഇവയുടെ ബില്ലുകളും വൗച്ചറുകളും, വ്യക്തമായ കണക്കുകളും സൂക്ഷിക്കേണ്ടതും. ടി തുക ഡിസാസ്റ്റർ മാനേജ്മെൻറ് ഫണ്ടിൽ നിന്നും റീഇമ്പേഴ്സ് ചെയ്ത് വാങ്ങേണ്ടതുമാണ്.

10. ശുചീകരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വാർഡ് തല വോളണ്ടിയേഴ്സ് ടീമുകളിലേയ്ക്ക് വീടുകളുടെ/സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച സന്നദ്ധ സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെ വിദ്യാർത്ഥി-യുവജന സംഘടനകളുടെയും, എൻ.എസ്.എസ്., എൻ.സി.സി., യൂത്ത് ക്ലബ്ബുകൾ, സ്റ്റുഡൻറ് പോലീസ് കേഡറ്റ്സ്, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ തുടങ്ങിയവരുടെയും സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

11. ശുചീകരണത്തിലേർപ്പെട്ടിരിക്കുന്ന സന്നദ്ധപ്രവർത്തകർക്ക് പകർച്ചവ്യാധി തടയുന്നതിനാവശ്യമായ പ്രതിരോധ മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

12. പ്രളയബാധിത പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക്കുകൾ, പ്ലാസ്റ്റിക് കുപ്പികൾ, ഗ്ലാസ്സ്, മെറ്റൽ, റബ്ബർ, ലെതർ, പ്രളയത്തിൽ കേടുപറ്റിയ മെത്ത തുടങ്ങിയവ ഹരിതകർമ്മസേനയുടെയും മറ്റും സഹായത്തോടെ പ്രത്യേകം ശേഖരിക്കേണ്ടതും തത്കാലം എം.സി.എഫ്/ആർ.ആർ.എഫ് സെൻററുകളിൽ സൂക്ഷിക്കേണ്ടതും പിന്നീട് ക്ലീൻകേരള കമ്പനിയുടെ പിന്തുണയോടെ സംസ്കരിക്കേണ്ടതുമാണ്.

13. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അസി. സെക്രട്ടറിമാരെയും, നഗരസഭകളിൽ ഹെൽത്ത് ഓഫീസർ/ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർമാരെയും ചുമതലപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കണം.

14. ഗ്രാമവികസന വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. ഇതിന്റെ ഔദ്യോഗിക ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കായിരിക്കും.

മേൽപ്പറഞ്ഞ പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അനുബന്ധത്തിലെ ശുചിത്വമിഷൻ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ജില്ല/ബ്ലോക്ക്/പഞ്ചായത്ത് സമിതികളുടെ സജീവ പിന്തുണ മേൽക്കാര്യങ്ങളിൽ ഉറപ്പാക്കേണ്ടതാണ്.

**മിനിമോൾ എബ്രഹാം**
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും (വകുപ്പ് തലവൻ മുഖേന)
7. തദ്ദേശസ്വയംഭരണ ഇ.ഡ.ബ്ല്യു.വകുപ്പ്
8. ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
9. അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ.), തിരുവനന്തപുരം
10. എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

64

അനുബന്ധം

## നഗര - പഞ്ചായത്ത് പ്രദേശങ്ങളിൽ നടത്തേണ്ട ശുചീകരണ മാർഗ്ഗ നിർദ്ദേശങ്ങൾ

മഴക്കെടുതിയെ തുടർന്ന് വെള്ളം കയറി നാശോൻമുഖമായ ഇടങ്ങൾ പൂർണ്ണമായും ശുചീകരിച്ച് ഉപയോഗയോഗ്യമാക്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ട താണ്.

1. ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ശുചീകരണ പ്രക്രിയയ്ക്ക് ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു ശുചിത്വകാമ്പയിൻ പ്രതിനിധിയെ(ഹരിത കേരളം മിഷൻ കോർഡിനേറ്റർ, ശുചിത്വമിഷൻ ഉദ്യോഗസ്ഥർ, ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥർ, ആർ പി മാർ തുടങ്ങിയവരിൽ ആരെങ്കിലും ഒരാൾ) ലഭ്യമാക്കണം. ഇവർക്കായിരിക്കും ശുചീകരണപ്രവർത്തനത്തിന്റെ സംഘാടന ചുമതല.

2. നഗരഭരണ പ്രദേശത്ത് ഹെൽത്ത് ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ അല്ലെങ്കിൽ ഹെൽത്ത് ഇൻസ്പെക്ടർക്കും, ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിക്കും ആയിരിക്കും ശുചീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനുള്ള പൂർണ്ണ ചുമതല. ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പങ്കാളിത്തവും ഉറപ്പാക്കണം.

3. വാർഡ് അടിസ്ഥാനത്തിലാണ് ശുചീകരണ പ്രവർത്തനം ഏറ്റെടുക്കേണ്ടത്. ഇതിനായി എല്ലാ വീടുകളിലും എത്തി ശുചീകരണ പ്രവർത്തനം നടത്തേണ്ട താണ്. ഓരോ വാർഡിലും രണ്ടോ മൂന്നോ ദിവസം കൊണ്ട് എല്ലാ വീടുകളിലും ശുചീകരണം പൂർത്തിയാക്കുകയും വേണം. ഇതിനായി വലിയതോതിൽ വോളന്റിയർമാരെ ഓരോ വാർഡിലും സംഘടിപ്പിക്കണം. വാർഡ് മെമ്പറിന്റെ നേതൃത്വത്തിലായിരിക്കണം പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. കുറഞ്ഞത് 5 പേരുള്ള 10 സ്ക്വാഡ് എങ്കിലും ഓരോ വാർഡിലും സംഘടിപ്പിക്കണം. നഗരപ്രദേശങ്ങളിൽ സ്ക്വാഡുകളുടെ എണ്ണം ഇരട്ടിയാക്കണം. ഇതിനായി ഓരോ വാർഡിലുമുള്ള ശുചിത്വ ആരോഗ്യ സമിതി, കുടുംബശ്രീ പ്രവർത്തകർ, എൻ.എസ്സ്.എസ്സ് വോളന്റിയർമാർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, യൂത്തക്ലബ് അംഗങ്ങൾ, ആശാ പ്രവർത്തകർ, തൊഴിലാളി സംഘടനകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കാർഷിക കർമ്മ സേന സന്നദ്ധ പ്രവർത്തകർ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, അംഗനവാടി വർക്കർമാർ/ഹെൽപ്പർമാർ തുടങ്ങിയവരിൽ നിന്നും ഇവരെ കണ്ടെത്തണം. സ്ക്വാഡുകൾക്ക് അവർ പോകേണ്ട വാർഡിന്റെ വിവിധ ഭാഗങ്ങളിലുള്ള വീടുകളും സ്ഥാപനങ്ങളും നിർണ്ണയിച്ച് നൽകണം.

4. തൊഴിലുറപ്പ് സംവിധാനത്തിൽ നിന്നും, കാർഷിക കർമ്മ സേനയിൽ നിന്നും ഓരോ സ്ക്വാഡിനും വേണ്ട ശുചീകരണ ഉപകരണങ്ങൾ (മൺ വെട്ടി, തൂമ്പ, മൺകോരി, മണ്ണ് കോരാനുള്ള ചട്ടി, വാക്കത്തി, ബക്കറ്റ് ആവശ്യമുള്ള മറ്റ് ഉപകരണങ്ങൾ)

പ്രാദേശികമായി സംഘടിപ്പിക്കേണ്ട താണ്. ലഭ്യമല്ലായെങ്കിൽ പ്രാദേശികമായി അവ വാടകയ്ക്ക് എടുക്കുകയോ വിലയ്ക്ക് വാങ്ങുകയോ ചെയ്യേണ്ട താണ്.

5. ശുചീകരണത്തിന് വേണ്ടിവരുന്ന ബ്ലീച്ചിംഗ് പൗഡർ സ്ഥലത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കണം. ഇത് ലഭ്യമല്ലായെങ്കിൽ പ്രാദേശികമായി ഇവ വാങ്ങേണ്ട താണ്.

6. രൂപീകരിച്ച സ്ക്വാഡുൾക്ക് വിവിധ ക്ലീനിംഗ് പ്രവർത്തനങ്ങൾ എപ്രകാരം ചെയ്യാം എന്ന് അധികം സമയമെടുക്കാതെ ലഘുവായി വിശദീകരിച്ച് നൽകണം

7. ഓരോ വീടുകളിലും അംഗൻവാടി, ആശുപത്രി, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിലും എത്തുന്ന ശുചീകരണ സന്നദ്ധ പ്രവർത്തകർ താഴെ പറയുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

a. വീടുകളുടെ ചുറ്റിനും ഉള്ളിലും പരിശോധിച്ച് ഇഴജന്തുക്കളും മറ്റ് ജീവികളും ഇല്ലായെന്ന് ഉറപ്പാക്കണം. ചത്ത് കിടക്കുന്ന മൃഗങ്ങളെ വെള്ളകെട്ടില്ലാത്ത പ്രദേശത്ത് കുഴിയെടുത്ത് സംസ്കരിക്കണം.

b. വീടിനകത്തും പുറത്തും ടോയിലെറ്റിലും അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും മറ്റ്മാലിന്യങ്ങളും വാരി പറമ്പിന്റെ മൂലയ്ക്ക് സുരക്ഷിതമായി നിക്ഷേപിക്കണം.

c. ഇപ്രകാരം ശേഖരിച്ച മാലിന്യത്തിൽ പ്ലാസ്റ്റിക്കോ, കുപ്പികളോ, ഉണ്ടെങ്കിൽ അവ വൃത്തിയാക്കി ചാക്കിൽ കെട്ടി സൂക്ഷിച്ചു വെക്കണം. പിന്നീട് അത് ശേഖരിക്കുന്നതാണ്.

d. വീടുകളിൽ നനഞ്ഞ ഉപയോഗശൂന്യമായിട്ടുള്ള കിടക്കൾ, തുണികൾ ഫർണീച്ചറുകൾ തുടങ്ങിയവ വീടിന് പുറത്ത് ഉണക്കാൻ സൗകര്യത്തിനായി വയ്ക്കേണ്ട താണ്.

e. വീടിന്റെ ഉൾവശവും, വരാന്തയിലും ഭിത്തികളിലും വെള്ളം ഉപയോഗിച്ച് കഴുകി വൃത്തിയാക്കേണ്ട താണ്. പ്രഷർ പമ്പ് ഉ ണ്ടെങ്കിൽ അത് ഉപയോഗിക്കാവുന്നതാണ്.

f. കെട്ടിടത്തിന്റെ സമീപത്തുള്ള കിണറുകളും, ജലസംഭരണികളും ബ്ലീച്ചിംഗ് പൗഡറുപയോഗിച്ച് ക്ലോറിനേഷൻ നടത്തണം. കിണറിലെ ഒരു മീറ്റർ ആഴത്തിലുള്ള വെള്ളത്തിന് രണ്ട് റ്റീസ്പൂൺ ബ്ലീച്ചിംഗ് പൗഡർ എന്ന കണക്കിൽ ഒരു

ബക്കറ്റിൽ 2 ലിറ്റർ വെള്ളത്തിൽ കലക്കി വച്ചതിന് ശേഷം, തെളിഞ്ഞ ലായനി കിണറ്റിലൊഴിച്ച് ഇളക്കണം. ആദ്യത്തെ ക്ലോറിനേഷന് ഇരട്ടി (നാല് ടീസ്പൂൺ) ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കേണ്ടതാണ്. തുടക്കത്തിൽ ആഴ്ചയിൽ 2 പ്രാവശ്യം കൂടുമ്പോഴും പിന്നീട് ആഴ്ചയിൽ ഒരിക്കലും മഴക്കാലം തീരുന്നതു വരെ ഈ പ്രക്രിയ തുടരാൻ വീട്ടുകാർക്ക് നിർദ്ദേശം നൽകണം.

g. വീടിന്റെ മുറ്റവും പരിസരവും വെള്ളം കെട്ടി നിൽക്കുന്ന സ്ഥിതിയാണെങ്കിൽ അത് ഒഴുക്കി വിടുകയും ബ്ലീച്ചിംഗ് പൗഡർ വിതറേണ്ടതുമാണ്.

h. ടോയിലെറ്റ് ഉപയോഗിക്കുന്നതിന് മുമ്പ് ഉള്ളിലും ചുറ്റുപാടും ബ്ലീച്ചിംഗ് പൗഡർ വിതറി ശുദ്ധീകരിക്കേണ്ടതാണ്.

i. വീട്ടിലുണ്ടാകുന്ന ആഹാരാവശിഷ്ടങ്ങൾ ഉൾപ്പടെയുള്ള അഴുകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വീടിന് സമീപത്ത് നനവില്ലാത്ത സ്ഥലമുണ്ടെങ്കിൽ കിണറിൽ നിന്നും 3 മീറ്റർ മാറി കമ്പോസ്റ്റ് കുഴി അഥവാ വളക്കുഴി നിർമ്മിച്ച് നൽകേണ്ടതാണ്. ഈർപ്പമുള്ള പ്രദേശങ്ങളിൽ ബക്കറ്റ്, മറ്റ് കണ്ടെയ്നറുകൾ ഇവ ഉപയോഗപ്പെടുത്തി അഴുകുന്ന മാലിന്യങ്ങൾ കമ്പോസ്റ്റിംഗ് പ്രക്രിയകൾക്ക് വിധേയമാക്കണം. ഇപ്രകാരം ചെയ്യുമ്പോൾ കമ്പോസ്റ്റിംഗ് പാത്രത്തിൽ ഈർപ്പം അധികമുണ്ടെങ്കിൽ കരിയിലപ്പൊടിയോ പേപ്പർ കക്ഷണങ്ങളോ ഈർപ്പം കുറയ്ക്കുന്നതിന് ഉപയോഗിക്കാം. ഇനോക്കുലം, ചാണകപ്പൊടി ഇവ കമ്പോസ്റ്റിംഗ് പ്രക്രിയ വേഗത്തിലാക്കുന്നതാണ്.

j. വൈദ്യുതി മെയിൻ സ്വിച്ച് ഓഫാണെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ അകത്ത് പ്രവേശിക്കാവൂ.

k. ക്ലീനിംഗ് നിർവ്വഹണത്തിന് ശേഷം സ്ക്വാഡ് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

i) പ്ലാസ്റ്റിക്ക് തുടങ്ങിയ അഴുകാത്ത വസ്തുക്കൾ വൃത്തിയാക്കി ചാക്കുകളിൽ കെട്ടിവയ്ക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്. അവ ശേഖരിക്കുന്നതിനുള്ള സംവിധാനം ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിന്നീട് നിർവ്വഹിക്കുന്നതാണ്.

ii) വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കിയും ഈർപ്പമുള്ള സ്ഥലങ്ങളിൽ ബ്ലീച്ചിംഗ് പൗഡർ വിതറിയും കൊതുക് വളരുന്നതിനും രോഗ സാധ്യത ഇല്ലാതാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇടയ്ക്കിടെ സ്വീകരിക്കണമെന്ന് വീട്ടുകാരെ ബോധ്യപ്പെടുത്തണം.